# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 09-05-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 297

# മൈനർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും യാത്രായാനങ്ങളുടെ സുരക്ഷയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. ജോൺ ഫെർണാണ്ടസ് :<br>ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. വി. ജോയി : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മൈനർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) തീരദേശകപ്പൽ ഗതാഗതപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. മറ്റ് തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>ചരക്കുനീക്കം സുഗമമാക്കുന്നതിലേയ്ക്കായി റീച്ച് സ്റ്റാക്കർ , ക്രെയിൻ, വെയിംഗ് മെഷീൻ , വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, വി.ടി.എം.എസ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കടലിൽ പോകുന്നവരുടെയും കായലിലൂടെയും കനാലിലൂടെയുമുള്ള യാത്രാബോട്ടുകളിലെ യാത്രക്കാരുടെയും സുരക്ഷയ്ക്കായി തുറമുഖ വകുപ്പ് ഏതൊക്കെ തരത്തിൽ ഇടപെടുന്നുവെന്ന് അറിയിക്കാമോ ; | (ബി) കടലിൽ പോകുന്നവരുടെ സുരക്ഷ നിലവിൽ തുറമുഖവകുപ്പിൽ നിക്ഷിപ്തമല്ല. ഐ.എസ്.പി.എസ് കോഡ് അനുസരിച്ചുള്ള തുറമുഖങ്ങളുടെ സുരക്ഷയാണ് തുറമുഖവകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ കേരള ഇൻലാൻഡ് വെസ്സൽ നിയമപ്രകാരം ജലയാനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു മുൻപായി ചീഫ് സർവ്വേയർ അവയുടെ ഹൾ , സ്റ്റെബിലിറ്റി, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയും അതിലെ ജീവനക്കാരുടെ സ്രാങ്ക് ലൈസൻസ്, ലാസ്കർ ലൈസൻസ് |

എന്നിവ പരിശോധിക്കുകയും സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രമാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. ഇങ്ങനെ രജിസ്റ്റർ ചെയ്ത ജലയാനങ്ങൾ എല്ലാ വർഷവും സർവ്വേ ചെയ്ത് മേൽപ്പറഞ്ഞവ എല്ലാം ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സുരക്ഷ ഉറപ്പ് വരുത്തിയിട്ടാണ് സർവ്വേ സർട്ടിഫിക്കറ്റ് നൽകുന്നത്.

| | | | |
|---|---|---|---|
| (സി) | ഇൻലാന്റ് വെസ്സൽ റൂൾ പ്രകാരം യാത്രായാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ എന്നും ടൂറിസം കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന ബോട്ട് അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ഇടപെടൽ സാധ്യമായിട്ടുണ്ടോ എന്നും വിശദീകരിക്കാമോ ? | (സി) | കേരള ഇൻലാൻഡ് വെസ്സൽ നിയമപ്രകാരം ജലയാനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു മുൻപായി ചീഫ് സർവ്വേയർ ജലയാനങ്ങൾ പരിശോധിച്ച് ആയതിന്റെ ഹൾ , സ്റ്റെബിലിറ്റി, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയും കൂടാതെ അതിലെ ജീവനക്കാരുടെ സ്രാങ്ക് ലൈസൻസ് , ലാസ്കർ ലൈസൻസ് എന്നിവ പരിശോധിക്കുകയും സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവ ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്നിവ പരിശോധിച്ച ശേഷം മാത്രമേ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ. ഇങ്ങനെ രജിസ്റ്റർ ചെയ്ത ജലയാനങ്ങൾ എല്ലാ വർഷവും സർവ്വേ ചെയ്ത് മേൽപ്പറഞ്ഞവ എല്ലാം ശരിയാംവിധം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സുരക്ഷ ഉറപ്പ് വരുത്തിയിട്ടേ സർവ്വേ സർട്ടിഫിക്കറ്റ് നൽകാറുള്ളൂ. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന് പോലീസ് , ഫയർ ഫോഴ്സ് , റവന്യൂ എന്നീ വകുപ്പുകളിൽ നിന്നും മതിയായ ജീവനക്കാരെ ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ വിംഗ് രൂപീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ